## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2729 19.06.2014 -ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ എഡ്യൂക്കേഷൻ ഹബ്ബ് ആക്കി മാറ്റാൻ നടപടി

*ചോദ്യം* *ഉത്തരം*

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഒരു എഡ്യൂക്കേഷൻ ഹബ് ആക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | (എ) & (ബി) | സംസ്ഥാനത്തെ ഒരു എഡ്യൂക്കേഷൻ ഹബ് ആക്കി മാറ്റുന്നതിന് നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.<br><br>മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിൽ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്ക്നോളജി എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. 12-ാം പദ്ധതികാലത്ത് ഒരു ഐ. ഐ. റ്റി. സ്ഥാപിക്കുന്നതിനുള്ള ശുപാർശ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ 237.04 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. നാക്ക് മാതൃകയിൽ സംസ്ഥാനത്തെ വിഭ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനായി കേരള സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഐ.ഐ.ഇ.എസ്.റ്റി. ആക്കി ഉയർത്തുന്നതിനുള്ള പ്രപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിന് ദുബായ് അക്കാദമിക് സിറ്റി അധികൃതരുമായി, ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി , കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ , പ്ലാനിംഗ് ബോർഡ് അംഗം ശ്രീ വിജയരാഘവൻ എന്നിവർ ഉൾപ്പെട്ട സംഘം ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ